# വിശ്വാസസംരക്ഷകൻ സപ്ലിമെന്റ്

## നിയുക്ത മെത്രാപ്പോലീത്ത തെങ്ങുംതറയിൽ ഗീവർഗീസ് റമ്പാന്റെ മെത്രാഭിഷേകം

## 2010 ഫെബ്രുവരി 1 തിങ്കളാഴ്ച പുത്തൻകുരിശ് മോർ അത്തനാസിയോസ് കത്തീഡ്രലിൽ

1. ദയറാ ജീവിതത്തിൽ ആകൃഷ്ടനാകാനുള്ള കാരണം?

എന്റെ കോളേജ് വിദ്യാഭ്യാസകാലം മുതൽ ഒരു അവിവാഹിതനായ വൈദീകനാകണമെന്ന് ആഗ്രഹിച്ചു. "ഒരുവൻ എന്നെ അനുഗമിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" എന്ന വേദവാക്യം എനിക്കു പ്രചേദനമായി. അതുപോലെതന്നെ പരിശുദ്ധ പിതാക്കൻമാരുടെ ജീവചരിത്രത്തിലും മറ്റു മഹത്ഗ്ര ന്ഥങ്ങളും എനിക്ക് ദയറാ ജീവിതത്തിലേക്കുള്ള വഴി കാട്ടിയായി.

2. ദയറാക്കാരനാകാൻ ആധുനിക തലമുറ മടിക്കുന്നു എന്നു കരുതുന്നുണ്ടോ?

കരുതുന്നുണ്ട്, കാരണം ദയറാ ജീവിതം സുഖജീവിതമല്ല, ഒരാൾ ദയറാക്കാരനായിട്ടിറങ്ങിയാൽ സഭയും സമൂഹവും വേണ്ടപ്രകാരം അവരെ കരുതുകയോ യഥാ സ്ഥാനപ്പെടുത്തുകയോ ചെയ്യുന്നില്ല. അവർക്കുവേണ്ട പ്രോത്സാഹനവും അംഗീകാരവും നൽകാനും വിമുഖത കാട്ടുന്നു.

3. ദയറാ സമൂഹത്തിന് സഭയിലുള്ള സ്ഥാനം ?

ദയറാ സമൂഹങ്ങളാണ് സഭയുടെ നട്ടെല്ല്, ദയറാ സമൂഹത്തിന് അതിമഹത്തായ ഒരു സ്ഥാനമാണ്. പരി. സഭ നൽകുന്നത്. ക്രിസ്തുവിനെപ്പോലെ മറ്റുള്ളവരുടെ വേദനകൾ ഏറ്റുവാങ്ങി സമസ്ത ലോകത്തിനും വേണ്ടി കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്ന സന്യസ്തരാണ് ദയറാകളിൽ താമസിക്കുന്നത് അവരുടെ യാമപ്രാർത്ഥനകളും മാതൃകാപരമായ സമർപ്പണ ക്രിസ്തീയ ജീവിതവും സഭയ്ക്ക് മുതൽക്കൂട്ടാണ്.

4. ദയറാ പ്രസ്ഥാനത്തിന് സുറിയാനി സഭയിൽ പ്രത്യേകിച്ച് മധ്യപൂർവ്വ ദേശത്ത് മഹത്തായ പാരമ്പര്യമുണ്ട് ആയതിനെപ്പറ്റി?

പൗരസ്ത്യ ആധ്യാത്മികതയാണ് ക്രിസ്തീയ സഭാ വിശ്വാസത്തിന്റെ അടിസ്ഥാനം. മണലാരണ്യത്തിലെ ഗുഹകളിലും, പർണ്ണശാലകൾകെട്ടിയും Egypt, Syria, Iraq എന്നീ പ്രദേശങ്ങളിൽ ക്രിസ്തുവിനെ അനുഗമിച്ചവർ. ആ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് പീഡനങ്ങളെയും പ്രലോഭനങ്ങളെയും അഭിമുഖീകരിച്ച് രക്തസാക്ഷിത്വം വരിച്ച് സഭയ്ക്കുവേണ്ടി, സഭയുടെ ഉയർച്ചക്കുവേണ്ടി സഭയും ക്രിസ്തുവുമായുള്ള ബന്ധം സുദൃഢമാക്കുവാൻ വേണ്ടി. എല്ലാം തൃജിച്ചു. വി. അന്തോണിയോസാണ് ആശ്രമങ്ങൾക്കും സന്യാസിസമൂഹങ്ങൾക്കും ആദ്യമായ് രൂപം കൊടുത്തത്.

5. മലങ്കരയിൽ ദയറാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. പരി. ചാത്തുരുത്തി തിരുമേനി ചെയ്ത സംഭാവനകൾ?

ദയറാ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായിരന്നു പരി. അന്തോണിയോസാണ് പരി. ചാത്തുരുത്തി തിരുമേനിയുടെ മാതൃകാ പുരുഷൻ. ആത്മ ശരീര മനസ്സുകളുടെ കർശനമായ തപചര്യയാണ് ദയറാ ജീവിതം എന്ന് തന്റെ ജീവിതത്തിലും കാണിച്ചു തന്ന ഉത്തമ താപസൻ, ഋഷി ജീവിതത്തിന്റെ മാതൃകയായി നിരന്തരമായ പ്രാർത്ഥന, നൊമ്പ്, ഉപവാസം, സമസൃഷ്ടികളോടുള്ള സ്നേഹം എന്നിവ കാത്തുസൂക്ഷിച്ചു ഉത്തമ മാർഗ്ഗദർശി. ആത്മശിക്ഷണവും ആത്മസമീപനവുമാണ്. പൗരസ്ത്യ ആദ്ധ്യാത്മീകതയിലേക്കുള്ള പടവുകളെ തന്നെ കാട്ടിത്തന്ന ആത്മീയ പിതാവ്. ദയറാ ജീവിതത്തിന്റെ അന്തസത്ത തന്റെ പിൻഗാമികൾക്ക് കാണിച്ചുകൊടുത്ത ഉത്തമ ദയറാക്കാരൻ. തന്റെ ജീവിതം കൊണ്ട് പലരേയും പരിശുദ്ധ സഭയുടെ സന്യാസസമൂഹങ്ങളിലേക്കും ദയറാ ജീവിതത്തിലേക്കും വഴി നടത്തിയ യുഗപുരുഷൻ.

6. യാക്കോബായ സുറിയാനി സഭയുടെ ദയറാ പ്രസ്ഥാനങ്ങൾക്ക് നവ ജീവൻ നൽകാൻ റമ്പാച്ചൻ ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ദയറാജീവിതത്തിന്റെ ആവശ്യകതയും പരിശുദ്ധ സഭ അതിനു നൽകുന്ന സ്ഥാനവും ഇന്നത്തെ ആധുനിക തലമുറയ്ക്ക് മനസ്സിലാക്കി കൊടുക്കുക എന്നുള്ളതാണ് പ്രധാനം, അതുപോലെ പുതുതായി പല ദയറകളും രൂപപ്പെട്ട് പരിശുദ്ധ സഭയ്ക്കുവേണ്ടി സമൂഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും അവരുടെ ആവലാതികളും ആവശ്യങ്ങളും മനസ്സിലാക്കി അതിനു വേണ്ടി അക്ഷീണം പ്രവർത്തിക്കുകയും വേണം. ദയറാക്കാർക്കു വേണ്ട കരുതലും, സ്നേഹവും അംഗീകാരവും നൽകണം.

7. യാക്കോബായ സുറിയാനി സഭ നാളെ എങ്ങനെയായിരിക്കണം?

കൊടുംകാറ്റിലും മഹാമാരിയിലും വീണുപോകാതെ നിൽക്കുന്ന ലെബാനോനിലെ കാരകില്യകൾ പോലെയും ദൈവജനമാകുന്ന ആടുകളുടെ പച്ചയായ മേച്ചിൻപുറം പോലെയുമായിരിക്കും.

8. ആധുനിക സഭാ വിഭാഗങ്ങൾ സഭാംഗങ്ങളെ ആകർഷിക്കുന്നതു തടയാൻ എന്താണു മാർഗ്ഗം? എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു?

സഭാമക്കൾക്ക് സത്യവിശ്വാസത്തെക്കുറിച്ചുള്ള ബോധ്യവും അറിവും പകർന്നു നൽകുന്ന സഭാ പിതാക്കന്മാർ ഒരിക്കലായി വച്ചിരിക്കുന്ന സത്യ വിശ്വാസ യാഥാർത്ഥ്യങ്ങളെ പഠിപ്പിക്കുകയും ആത്മീയ ദാഹമനുഭവിക്കുന്ന അവരുടെ ദാഹം തീർക്കുവാൻ തക്കവണ്ണം ആത്മീയ മനുഷ്യ മനസ്സുകൾക്ക് ജ്ഞാനവും ആത്മീയ സന്തോഷവും പകർന്നു നൽകുകയും സങ്കടമനുഭവിക്കുന്നവർക്ക് മനുഷ്യന് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും അവയിൽ നിന്നുള്ള മോചനം പ്രാപിക്കാൻ തക്കവണ്ണം അവരെ പോയി കണ്ട് ആശ്വസിപ്പിക്കുകയും സത്യ സുറിയാനി സഭയിലൂടെ യഥാർത്ഥ രക്ഷ അനുഭവിക്കാൻ സാധിക്കുമെന്ന് അവരെ ബോധ്യമാക്കുകയും വേണം.

ആനുകാലിക ജീവിതം യാന്ത്രികവും Instant യായി മാറിയതുമൂലമാണ് എല്ലാവരും കഷ്ടതയില്ലാതെ എളുപ്പ വഴിയിലൂടെ ദൈവത്തെ അറിയുവാൻ ആഗ്രഹിക്കുന്നതുമൂലമാണ്.

9. യാക്കോബായ സഭ മിഷൻ രംഗത്ത് പ്രാവർത്തികമക്കേണ്ടത്?

ദുഃവും ദുരിതവും അനുഭവിക്കുന്ന മനുഷ്യർ സഹജീവികളാണെന്നു മനസ്സിലാക്കി അവർക്കു സ്വാന്ത്വനം ഏകുവാൻ തക്കവണ്ണം ദൈവീക വേലക്കാരും സന്യാസ ആശ്രമങ്ങളും മഠങ്ങളും പ്രവർത്തകരും അനേകം ഉണ്ടാകണം. മിഷൻ സെന്ററുകളും, സാധുക്കളുടെ പുനരധിവാസത്തിനായി അനാഥാലയങ്ങളും, വൃദ്ധഭവനങ്ങളും മറ്റും സ്ഥാപിക്കണം യേശുക്രിസ്തുവിനെ അറിയാത്തവർക്ക് നമ്മുടെ പ്രവർത്തിയിലൂടെ യേശുക്രിസ്തുവിനെ കാണിച്ചുകൊടുക്കുകയും മതപരിവർത്തനമല്ല മനപരിവർത്തനമാണ് ആവശ്യമെന്ന് സമൂഹത്തെ ബോധ്യമാക്കുകയും വേണം. യേശുക്രിസ്തുവിലൂടെ ദൈവീക സമാധാനവും സന്തോഷവും അനുഭവിക്കുവാൻ അവരെ ഉത്സാകരാക്കുകയും അതിനുവേണ്ട കൈത്താങ്ങലുകൾ നൽകുകയും വേണം.

10. പരി. സഭയെ കുറിച്ച് റമ്പാച്ചനുള്ള കാഴ്ചപ്പാട്?

പരിശുദ്ധ യാക്കോബായ സുറിയാനി സഭ കർത്താവിന്റെ ശരീരമാണ് കർത്താവാണ് തലവൻ. പരി. സഭയുടെ ദൃശ്യതലവനായ പരി. പാത്രിയർക്കീസ് ബാവ തിരുമേനിക്കും പ്രദേശിക തലവനായ ശ്രേഷ്ഠ കാതോലിക്ക ബാവാ തിരുമേനിക്കും വിധേയമായി പ്രവർത്തിക്കുന്ന സമൂഹം സത്യ സുറിയാനി സഭയുടെ സത്യ ആരാധനയിലൂടെ, സത്യ സുവിശേഷത്തിൽക്കൂടെ പരി. കൂദാശകൾ കൊക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിച്ച് സൂര്യ ചന്ദ്രനുള്ളടത്തോളം കാലം സഭയെ ഏൽപ്പിച്ചിരിക്കുന്ന പ്രേഷിത വൃത്തി സാംശീകരിച്ചുകൊണ്ട് ഭാരതത്തിൽ ഒരു വടവൃക്ഷം പോലെ പടർന്ന് പന്തലിക്കുകയും സത്യവിശ്വാസമാകുന്ന പാറമേൽ സ്ഥാപിതമായിരിക്കുന്ന പാതാള ഗോപുരങ്ങൾക്കു ജയിക്കുവാൻ സാധിക്കാത്ത ഒരു ദുഷ്ട ശ്കതിക്കും നശിപ്പിക്കുവാൻ സാധിക്കാത്ത യഥാർത്ഥ സത്യ സഭയാണ് യാക്കോബായ സഭ എന്ന് ഇന്നത്തെ സമൂഹം മനസ്സിലാക്കണം.

പരി. അന്ത്യോഖ്യാ സിംഹാസനത്തിന്റെ പരിശുദ്ധിയും പൗരാണികതയും കാത്തു സൂക്ഷിച്ച് സമൂഹത്തിൽ പരിശുദ്ധ സഭയുടെ വ്യക്തിത്വം കാത്തുസൂക്ഷിച്ച് മേൽക്കുമേൽ ഔന്നത്യം പ്രാപിച്ച് ശോഭയോടെ വിളങ്ങിനിൽക്കുവാൻ എന്നുമെന്നും ഉറച്ചു വിശ്വാസത്തോടെ നിലനിൽക്കണം.



തെങ്ങുംതറയിൽ ഗീവർഗീസ് റമ്പാൻ 1953 മെയ് 29ന് റാന്നി കരിക്കുളം തെങ്ങുംതറയിൽ പരേതരായ റ്റി. റ്റി. ജേക്കബിന്റെയും സലോമി ജേക്കബിന്റെയും പുത്രനായി ജനിച്ചു. റാന്നി എസ്. സി. ഹൈസ്ക്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസവും, റാന്നി സെന്റ് തോമസ് കോളേജിൽ നിന്ന് പ്രീഡിഗ്രിയും, പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്ന് ആംഗ്ലേയ സാഹിത്യത്തിൽ ബിരുദവും കരസ്ഥമാക്കി. കോട്ടയം പഴയ സെമിനാരിയിൽ നിന്ന് വേദശാസ്ത്രത്തിൽ ജി.എസ്.റ്റി. ബിരുദവും, സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി. ബിരുദവും, അമേരിക്കയിലെ ന്യൂയോർക്ക് സെന്റ് വാൽഡിമിർസ് ഓർത്തഡോക്സ് സെമിനാരിയിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി. 1979-ൽ ശെമ്മാശപട്ടവും 1982-ൽ വൈദീക പട്ടവും ലഭിച്ചു. 2005-ൽ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ റമ്പാൻ സ്ഥാനം നൽകി. കീക്കൊഴൂർ മോർ ഗ്രിഗോറിയൻ സെന്റർ ഡയറക്ടർ, റാന്നി കരിക്കുളം സെന്റ് അന്തോണിയോസ് മൗണ്ട് മോറിയ ആശ്രമം സുപ്പീരിയർ, സഭാ മാനേജിംഗ് കമ്മറ്റിയംഗം, എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. പത്തനംതിട്ട സെന്റ് മേരീസ് കത്തീഡ്രലിൽ വൈദീക ശുശ്രൂഷ നിർവ്വഹിക്കുന്നു.

## റാന്നിയിൽ നിന്ന് ഒരു ഇടയൻ കൂടി

മനോജ് മാത്യു ആര്യാടൻപാക്കൽ, ചെങ്ങളം

യാക്കോബായ സുറിയാനി സഭയുടെ വളർച്ചയുടെ പടവുകളിൽ പുതിയ കാൽവെയ്പ്പായി മലനാടിന്റെ റാണിയായ റാന്നിയിൽ നിന്ന് ഒരു ഇടയൻ കൂടി. റാന്നി ദേശത്തിന് എന്നും അഭിമാനമായ ഒരു നാമമാണ് കിഴക്കന്റെ വലിയ മെത്രാപ്പോലീത്ത പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലിമീസ് തിരുമേനി. റാന്നി വലിയ പള്ളി ഇടവകാംഗമായിരുന്ന തിരുമേനി കഴിഞ്ഞ അരനൂറ്റാണ്ടു കാലം സുറിയാനി സഭയിൽ നിറഞ്ഞു നിന്ന മഹത്വ്യക്തിത്വമായിരുന്നു. കീക്കൊഴൂർ മോർ ഗ്രിഗോറിയോൻ സെന്റർ ഡയറക്ടറും കരിക്കുളം സെന്റ് അന്തോണിയോസ് മൗണ്ട് മോറിയ ആശ്രമം സുപ്പീരിയറുമായ വന്ദ്യ തെങ്ങുംതറയിൽ ഗീവർഗീസ് റമ്പാൻ ഫെബ്രുവരി 1 ന് പുത്തൻകുരിശ് മോർ അത്തനാസിയോസ് കത്തീഡ്രലിൽ വെച്ച് ശ്രേഷ്ഠ കാതോലിക്കബാവായുടെ തൃക്കരങ്ങളാൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുന്നു.

റാന്നിക്ക് ചരിത്രപരമായ സ്ഥാനം സഭാചരിത്രത്തിലുണ്ട്. മലങ്കരയിലെ ആദിമ ക്രൈസ്തവരായ മാർത്തോമ ക്രിസ്ത്യാനികൾ റാന്നിയിലും അധിവസിച്ചിരുന്നു. എ.ഡി 52 ൽ മലങ്കരയിലെത്തിയ മോർ തോമശ്ലീഹാ സ്ഥാപിച്ച നിലയ്ക്കൽ (ചായൽ) പള്ളി ഇവിടെയാണ്. പുരാതീനകാലം മുതൽ പ. അന്ത്യോഖ്യാ സിംഹാസനവുമായുള്ള പൗരോഹിത്യ ബന്ധം മലങ്കരയിൽ നിലനിന്നിരുന്നു. മലങ്കരയിലെ ക്രിസ്ത്യാനികൾക്ക് ഉണർവേകികൊണ്ട് എ.ഡി 345 ൽ എഡേഡായിൽ നിന്ന് ക്നായി തൊമ്മന്റെ നേതൃത്വത്തിൽ നടന്ന സിറിയൻ കുടിയേറ്റത്തിലെ പൂർവ്വികർ റാന്നിയിൽ അധിവസിച്ച് റാന്നിയിലെ ആദ്യ ക്രൈസ്തവ കേന്ദ്രമായ റാന്നി വലിയ പള്ളി സ്ഥാപിച്ചു. ഇതുവഴി ഈ ദേശത്തുള്ളവർക്ക് പ. അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധത്തിൽ അഭുംഗുരം തുടരുന്നതിന് മാർഗ്ഗദീപമായിത്തീർന്നു. രണ്ടാമതുണ്ടായ റാന്നി വൈക്കത്തെ ഇടവക പള്ളിയിലെ പട്ടക്കാരും വിശ്വാസികളും കറ തീർന്ന അന്ത്യോഖ്യാ വിശ്വാസികളായിരുന്നു. പിന്നീടുണ്ടായ സാഹചര്യങ്ങളുടെ സമ്മർദ്ധത്താൽ ഈ ഇടവക അത്യാധീനപ്പെട്ടുപോയി. സത്യവിശ്വാസികളായ വൈദികർ സ്ഥാപിച്ച ഈ മേഖലയിലെ പല പള്ളികളും കാലാന്തരത്തിൽ സഭക്ക് നഷ്ടപ്പെട്ടു. പുതിയ മെത്രാപ്പോലീത്തായുടെ വാഴ്ചയോടെ ഈ കാര്യങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

മുപ്പതോളം വൈദീകർക്ക് ജന്മം നൽകിയ റാന്നിയിലെ പ്രശസ്തമായ തെങ്ങുംതറയിൽ കുടുംബത്തിൽ പരേതരായ ജേക്കബ് ശലോമി ദമ്പതികളുടെ മകനായി വന്ദ്യ ഗീവർഗീസ് റമ്പാൻ 1953 മെയ് 29 ന് ഭൂജാതനായി. 1979 ഏപ്രിൽ 9 ന് മ്ശംശോനോപട്ടവും 1982 ജൂലൈ 29 ന് കശീശാപട്ടവും സ്വീകരിച്ചു. കോട്ടയം പഴയസെമിനാരി, സെറാംപൂർ യുണിവേഴ്സിറ്റി എന്നിവിടങ്ങളിൽ വൈദിക പഠനം നടത്തി. ആംഗലേയ സാഹിത്യത്തിലും ദൈവശാസ്ത്രത്തിലും ബിരുദങ്ങളും അമേരിക്കയിൽ നിന്ന് G.S.T, M.Th എന്നീ ബിരുദങ്ങളും നേടി. അമേരിക്കയിലെ വാൽഡിമിർസ് ഓർത്തഡോക്സ് സെമിനാരിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയിട്ടുണ്ട്.

ഓർത്തഡോക്സ് വിഭാഗത്തിലെ പ്രശ്നങ്ങളും അധികാര വടംവലിയിലും ക്രൈസ്തവ സാക്ഷ്യമില്ലാത്ത പ്രവർത്തനങ്ങളും മൂലം മനംനൊന്ത് മാതൃസഭയിലെത്തിയതാണ് വന്ദ്യ ഗീവർഗീസ് റമ്പാൻ. 2004 ഡിസംബർ പുത്തൻകുരിശ് കൺവൻഷന്റെ സമാപനദിവസത്തിൽ ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ പാത്രിയർക്കീസ് ബാവയോടും ശ്രേഷ്ഠ കാതോലിക്കബാവയോടും 2002ലെ യാക്കോബായ സഭയുടെ ഭരണഘടനയോടും കൂറും പൂർണ്ണ വിധേയത്വവും പ്രഖ്യാപിച്ചുകൊണ്ടുള്ള ഉടമ്പടി നൽകി. വന്ദ്യ ഗീവർഗീസ് റമ്പാൻ (അന്ന് ഫാ. ജേക്കബ് വർഗീസ്) ശ്രേഷ്ഠ ബാവായുടെ തിരുമുമ്പാകെ എത്തി മാതൃസഭയിൽ തിരിച്ചെത്തി. ശ്രേഷ്ഠ കാതോലിക്ക ബാവ തിരുമനസുകൊണ്ട് തന്നെയും ഒപ്പമുള്ളവരെയും സഭയിലേക്ക് സ്വീകരിച്ച ധന്യ നിമിഷം ദൈവിക അനുഗ്രഹത്തിന്റെയും സമാധാനത്തിന്റെയും പൊൻപുലരിയായിരുന്നുവെന്ന് അന്ന് ഫാ. ജേക്കബ് വർഗീസായിരുന്നു വന്ദ്യ റമ്പാച്ചൻ അനുസ്മരിക്കുന്നു.

2005 ഡിസംബർ 18 ന് കോതമംഗലം മൗണ്ട് സീനായി കത്തീഡ്രലിൽ വെച്ച് ശ്രേഷ്ഠ കാതോലിക്ക ബാവ ഫാ. ജേക്കബ് വർഗീസ് തെങ്ങുംതറയിലിനു റമ്പാൻ സ്ഥാനം നൽകി. യാക്കോബായക്കാരനായി ജനിച്ചു വളർത്തപ്പെട്ട താൻ സഭാഭിന്നിപ്പിനുശേഷമുള്ള ഓർത്തഡോക്സ് വിഭാഗത്തിൽ വൈദീകനായെങ്കിലും തന്റെ മാതൃ ഇടവകയായ മുക്കാലുമൺ വെള്ളക്കല്ലുങ്കൽ സെന്റ് ജോർജ് പള്ളി സ്ഥാപിച്ച സത്യവിശ്വാസിയായ യാക്കോബായ പട്ടക്കാരനും ആദ്യകാലങ്ങളിൽ ബലിയർപ്പിച്ചിരുന്ന വിശ്വാസധീരനായ വൈദികരും ഏന്തു വിശ്വാസം ഏറ്റു പറയുകയും പഠിപ്പിക്കുകയും ചെയ്തുവോ, ആ പൂർവ്വീക വിശ്വാസത്തിലേക്ക് താൻ തിരികെയെത്തിയത് ആ പിതാക്കൻമാരുടെ പ്രാർത്ഥനയുടെയും സുകൃതത്തിന്റെയും ഫലമാണെന്നും യാക്കോബായ സഭയിലെ സീനിയർ വൈദികനായ വന്ദ്യ തേക്കാട്ടിൽ ഏബ്രാഹം കോർഎപ്പിസ്കോപ്പയാണ് തനിക്ക് തന്റെ ഇടവക പള്ളിയിൽ വെച്ച് വിശുദ്ധ മദ്ബഹായിലേക്ക് കൈവയ്പ്പ് നൽകി പ്രവേശിപ്പിച്ചതെന്നും വന്ദ്യ റമ്പാച്ചൻ അനുസ്മരിക്കുന്നു.

യാക്കോബായ സുറിയാനി സഭയിലെത്തിയ ശേഷം വന്ദ്യ റമ്പാച്ചൻ റാന്നി മുക്കാലുമണ്ണിനടുത്ത് അമ്മച്ചിക്കാട്ടിലുള്ള തന്റെ കുടുംബവീടും വസ്തുവും സഭയ്ക്കായി സമർപ്പിച്ച് ശ്രേഷ്ഠ കാതോലിക്കാബാവായുടെ നിർദ്ദേശപ്രകാരം അവിടെ മോർ അന്തോണിയോസ് മൗണ്ട് മോറിയ ആശ്രമവും പ . പരുമലതിരുമേനിയുടെ നാമത്തിലുള്ള ദയറാ ചാപ്പലും സ്ഥാപിച്ച് റാന്നിയിൽ യാക്കോബായ സുറിയാനി സഭയ്ക്ക് അഭിമാനകരമായ നേട്ടങ്ങൾ ഉണ്ടാക്കികൊണ്ടിരിക്കുന്നു. തുടർന്ന് വന്ദ്യ ഗീവർഗീസ് റമ്പാൻ സഭയ്ക്ക് അഭിമാനകരമായി റാന്നിയിൽ പമ്പാ നദിയുടെ തീരത്ത് കീക്കൊഴൂരിൽ റാന്നി കോഴഞ്ചേരി റോഡരുകിൽ മോർ ഗ്രിഗറിയൻ സെന്റർ സ്ഥാപിക്കുകയും 2008 ആഗസ്റ്റ് 26 ന് ശ്രേഷ്ഠ കാതോലിക്ക ബാവായുടെയും സഭയിലെ മറ്റ് മെത്രാപ്പോലീത്തന്മാരുടേയും കാർമ്മികത്വത്തിൽ ആയതിന്റെ കൂദാശയും ഉത്ഘാടനവും നിർവ്വഹി ക്കപ്പെടുകയും ചെയ്തു. ഇതിലൂടെ സഭയുടെ ആത്മീയ പ്രസ്ഥാനങ്ങൾക്ക് റാന്നി മേഖലയിൽ ക്യാമ്പുകളും പഠന ക്ലാസുകളും നടത്തുന്നതിന് ഈ അദ്ധ്യാത്മീയ കേന്ദ്രം ഉപകരിച്ചുകൊണ്ടിരുന്നു. സഭയിലെ ദയറാപ്രസ്ഥാനങ്ങൾക്കും ധ്യാനകേന്ദ്രങ്ങൾക്കും അഭിമാനകരമായ നേട്ടങ്ങളും മദ്ധ്യതിരുവിതാംകൂറിന്റെ മലയോര മേഖലയായ റാന്നിയിലും പരിസര പ്രദേശങ്ങളിലും സഭയ്ക്ക് കൂടുതൽ വളർച്ച ഉണ്ടാക്കുന്നതിനും വന്ദ്യ ഗീവർഗീസ് റമ്പാന്റെ സ്ഥാനോഹരണം മുഖാന്തരമായി തീരട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം..